# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: നം.കെ.എസ്.എ.ഐ.ഡി.കെ.11/1077/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 24/11/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഐ.ഡി.കെ.11/1077/2021 തീയ്യതി: 24/11/2021

## ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-08-2019 മുതൽ 17-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി. ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 18-10-2021 | 23-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2021 | 23-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സണ്ണി എം.യു.,ഓഡിറ്റ് ഓഫീസർ
ശ്രീമതി മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.എബി എബ്രാഹം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മായകൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷേർലി ആന്റണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീ.അഗസ്റ്റിൻ വി.എ | സെക്രട്ടറി | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സില്ലാ മോൾ മാത്യു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീ.രതീഷ് ഭാസ്കരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീ.എം.എച്ച് ഷബീർ | കൃഷി ഓഫീസർ | 01-04-2019 | 31-07-2019 |
| ശ്രീതി.സിമോണി ജോസ് | കൃഷി ഓഫീസർ | 01-08-2019 | 31-03-2020 |
| ശ്രീമതി.സിന്ധു റ്റി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.സാം വി.ജോൺ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.വിനീത സാംസൺ | ഹോമിയോ,മെഡിക്കൽ ഓഫീസർ | 01-04-2019 | 24-01-2020 |
| ഡോ.ജെസ്സി തോമസ് | ഹോമിയോ,മെഡിക്കൽ ഓഫീസർ | 25-01-2020 | 31-03-2020 |
| ഡോ.ലിലി ജേക്കബ് | ആയുർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജസ്റ്റിൻ ജേക്കബ് അധികാരം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. മോളി റ്റി. ബി. | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി ലസീല പി.എസ് | വി.ഇ.ഒ.(സർക്കിൾ -I) | 01-04-2019 | 31-03-2020 |
| ശ്രീമതി ലസീല പി.എസ് | വി.ഇ.ഒ.- ഇൻ-ചാർജ്ജ് (സർക്കിൾ -II) | 01-04-2019 | 24-04-2019 |
| ശ്രീമതി ജയശ്രീ എം.എസ് | വി.ഇ.ഒ. | 25-04-2019 | 27-07-2019 |
| ശ്രീമതി മഞ്ജു റ്റി.ജി | വി.ഇ.ഒ. | 28-07-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 21-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 20-11-2021) | 1-1 |
| 2 | ബജറ്റ് നിർദ്ദേശങ്ങൾ ഹാജരാക്കിയിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 21-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 15-11-2021) | 1-1-1 |
| 3 | പുതുക്കിയ ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 21-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 20-11-2021) | 1-1-2 |
| 4 | നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 21-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 24-11-2021) | 1-1-3 |
| 5 | റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം<br>Written By: Marun Mathew (Asst. Audit Officer, On 21-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 20-11-2021) | 1-1-4 |
| 6 | വാർഷിക ധനകാര്യപത്രിക.<br>Written By: Marun Mathew (Asst. Audit Officer, On 20-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 20-11-2021) | 1-2 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 20-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 24-11-2021) | 1-3 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 22-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 20-11-2021) | 1-4 |
| 9 | പദ്ധതി അവലോകനം.<br>Written By: Susaniamma Thomas (Audit Officer, On 21-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-5 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 24-11-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-6 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Susaniamma Thomas (Audit Officer, On 18-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 24-11-2021) | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 24-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 24-11-2021) | 1-8 |
| 13 | ഡിപ്രിസിയേഷൻ<br>Written By: Marun Mathew (Asst. Audit Officer, On 22-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 24-11-2021) | 1-9 |
| 14 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Marun Mathew (Asst. Audit Officer, On 22-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 20-11-2021) | 1-10 |
| 15 | ബാലൻസ് ഷീറ്റ് ബി5 ഷെഡ്യൂൾ, ബി 16 ഷെഡ്യൂൾ എന്നിവ പൊരുത്തപ്പെടുന്നില്ല.<br>Written By: Marun Mathew (Asst. Audit Officer, On 22-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 20-11-2021) | 1-11 |
| 16 | വസ്തു നികുതി - വരവ് /നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Marun Mathew (Asst. Audit Officer, On 22-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-12 |
| 17 | തനത് ഫണ്ട് വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല<br>Written By: Maya Krishnan (Auditor, On 23-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 23-11-2021) | 1-13 |
| 18 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Maya Krishnan (Auditor, On 22-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 24-11-2021) | 1-14 |
| 19 | വസ്തു നികുതി ഈടാക്കുന്നതിലെ ന്യൂനതകൾ | 1-15 |

| | | |
|---|---|---|
| | Written By: Maya Krishnan (Auditor, On 22-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 23-11-2021) | |
| 20 | തെന്നത്തൂർ അംഗൻവാടി നിർമ്മാണം-പൂർത്തീകരണ പ്രവൃത്തികൾ അനന്തമായി നീളുന്നു<br>Written By: M.U.Sunny (Audit Officer, On 21-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-16 |
| 21 | പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിൽ<br>Written By: M.U.Sunny (Audit Officer, On 21-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-17 |
| 22 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 23-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-18 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തി-പണിപൂർത്തീകരിച്ചില്ല<br>Written By: Susaniamma Thomas (Audit Officer, On 24-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 24-11-2021) | 1-19 |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 23-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 23-11-2021) | 1-20 |
| 25 | പൊതു ടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 23-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 23-11-2021) | 1-21 |
| 26 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 23-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-22 |
| 27 | എച്ച്.എം.സി -വാർഷികകണക്കുകൾ സമർപ്പിക്കുന്നില്ല<br>Written By: Susaniamma Thomas (Audit Officer, On 24-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-23 |
| 28 | മോണിട്ടറിംഗ് സമിതി നിർജീവം<br>Written By: Susaniamma Thomas (Audit Officer, On 24-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 18-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 16-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 18-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 16-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Susaniamma Thomas (Audit Officer, On 21-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 16-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 18-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 18-10-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 18-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 18-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 18-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 21-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 21-10-2021) | 4-7 |
| 8 | | 4-8 |

| | | |
|---|---|---|
| | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെവിവരം<br>Written By: Susaniamma Thomas (Audit Officer, On 21-10-2021)<br>Last Updated By: Shyni M.R (Computer Assistant, On 23-11-2021) | |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക<br>Written By: Susaniamma Thomas (Audit Officer, On 18-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 21-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 18-10-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

13.2.19-ലെ 1-നം. തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച കോടിക്കളം ഗ്രാമപഞ്ചായത്തിന്റെ 2019-20-ലെ ബജറ്റ് 28.02.19-ലെ 1(1) നം. തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി. 654073 രൂപ മുന്നിരിപ്പം 94217052 രൂപ വരവും 93781052 രൂപ ചെലവും 1090073 രൂപ നീക്കിയിരിപ്പം ഉള്ള കോടിക്കളം ഗ്രാമപഞ്ചായത്തിന്റെ 2019-20-ലെ പുതുക്കിയ ബജറ്റ് 20.02.20-ലെ 1-നം. തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും 26.02.2020-ലെ 16(1) നം.തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തു.

### 1-1-1 ബജറ്റ് നിർദ്ദേശങ്ങൾ ഹാജരാക്കിയിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

### 1-1-2 പുതുക്കിയ ബജറ്റ്

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

### 1-1-3 നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം

കേരള പഞ്ചായത്ത്‌രാജ് നിയമവും ചട്ടങ്ങളും ചട്ടം 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനത്തോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണവും ഉണ്ടാകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വരവുകളുടെ ബജറ്റ് തയ്യാറാക്കിയ വേളയിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ലായെന്നു കാണുന്നു.

സ്ഥാപനത്തിന്റെ നികുതി, നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം) | വ്യതിയാനം |
|---|---|---|---|
| നികുതി വരവ് | 31,00,000 | 2615733 | 4,84,267 |
| വാടക | 70,000 | 45276 | 24,724 |
| ഫീ &യൂസർ ചാർജ് | 4,27,000 | 2,14,258 | 2,12,742 |
| സെയിൽ ആന്റ് ഹയർ ചാർജ് | 2,30,000 | 1,39,512 | 90,488 |

### 1-1-4 റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം

| | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ചെലവ് (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം) | വ്യതിയാനം |
|---|---|---|---|
| | 7805000 | 6999698 | 805302 |

| | | | | |
|---|---|---|---|---|
| ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | | | | |
| ഭരണ ചെലവുകൾ | 1060,000 | | 905156 | 154844 |
| സംരക്ഷണവും നടത്തിപ്പും | 565000 | | 519381 | 45619 |

**1-2 വാർഷിക ധനകാര്യപത്രിക.**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 02.06.2020 | | |

**1-3 ഗ്രാന്റ് വിനിയോഗം**

| ഇനം | മുൻബാക്കി | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | -- | 7224000 | 7224000 | 6738963 | 485037 |
| വികസനഫണ്ട് – എസ്.സി.പി. | - | 1515000 | 1515000 | 962337 | 552663 |
| വികസനഫണ്ട് – ടി.എസ്.പി. | - | 61000 | 61000 | 20000 | 41000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 5521000 | 5521000 | 3668947 | 1852053 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | - | 5607000 | 5607000 | 2086415 | 3520585 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | - | 3251000 | 3251000 | 2351167 | 899833 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| സാക്ഷരത | 108181 | 3343 | 111524 | 34180 | 77344 |
| ഐ.സി.ഡി.എസ്. | 140040 | 255756 | 395796 | 260057 | 135739 |
| ശുചിത്വ മിഷൻ | 2327748 | 198868 | 2526616 | 810020 | 1716596 |
| എം.എൽ.എ. ഫണ്ട് | | 804422 | 804422 | 804422 | |
| | | | | | |

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം എം എൻ ലക്ഷം വീട്, ആധാർ ഇൻസെന്റീവ്, വിമുക്തി എന്നീ ഇനങ്ങളിൽ 738628 രൂപ നീക്കിയിരിപ്പ് ഉണ്ട്. 2018-19 വാർഷിക കണക്ക് പരിശോധിച്ചതിൽ പ്രസ്തുത ഇനങ്ങളിൽ നീക്കിയിരിപ്പ് 320300199 ഹെഡ്ഡിൽ ഒരുമിച്ചാണ് ചേർത്തിരിക്കുന്നത്. തൻ വർഷം മേൽ ഹെഡ്ഡിൽ അഗതിരഹിത കേരളം വരവ്, ആശ്രയ വരവ് എന്നിങ്ങനെ വിവിധ ഇനങ്ങളിലെ വരവ് ചെലവുകൾ ചേർത്തിരിക്കുന്നു. ഓരോ ഇനങ്ങളിലേയും വരവ് ചെലവുകൾ ഒരേ ഹെഡ്ഡിൽ ഒരുമിച്ച് ചേർത്തിരിക്കുന്നതിനാൽ 320300199 ഹെഡ്ഡിലെ തുകകൾ 1-3ൽ ചേർത്തിട്ടില്ല. വികസന ഫണ്ട് (ജനറൽ, എസ്.സി.പി), ധനകാര്യ കമ്മിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിച്ച അലോട്ട്മെന്റ് തുകകൾ പൂർണ്ണമായും വരവിലെടുത്തിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിലെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുകൾ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**1-4 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13373 | 510601 | 523974 | 522043 | 1931 |
| തൊഴിലാളികളുടെ കൂലി | 0 | 8495812 | 8495812 | 8495812 | 0 |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ- എണ്ണം | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ കാർഡുകൾ- എണ്ണം | വർഷാവസാനമുള്ള ആകെ കാർഡുകൾ | തൊഴിൽ ആവശ്യപ്പെട്ടവർ | |
|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ |
| 1668 | 9 | 64 | 1732 | 666 | 758 |

**1-5 പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 65782168 | 101 | 24157687 | 0 | 52 | 66.01 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്ത പദ്ധതികൾ |
|---|---|---|---|---|---|
| 1.സെക്രട്ടറി | 30 | 24 | 7878290 | 4200431 | 6 |
| 2.അസി.എൻജി | 76 | 36 | 15828350 | 6790356 | 40 |
| 3.വെറ്ററിനറി സർജൻ | 4 | 3 | 2791436 | 875435 | 1 |
| 4.കൃഷി ഓഫീസർ | 6 | 4 | 1927400 | 744078 | 2 |
| 5. ഐ സി ഡി എസ് | 5 | 5 | 2705380 | 1901396 | 0 |
| 6. എം.ഒ സിഎച്ച് സി | 5 | 4 | 1204260 | 1141277 | 1 |
| 7. വി.ഇ.ഒ | 7 | 7 | 29308099 | 6298509 | 0 |
| 8.വി.ഇ.ഒ | 9 | 8 | 1381502 | 1033697 | 1 |
| 9.ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1880000 | 280000 | 0 |
| 10.ഹോമിയോ | 1 | 1 | 100000 | 100000 | 0 |
| 11.ആയുർവ്വേദം | 1 | 1 | 325000 | 325000 | 0 |
| 12.ഹെഡ്മാസ്റ്റർ | 8 | 7 | 502451 | 467508 | 1 |
| ആകെ | 153 | 101 | 65782168 | 24157687 | 52 |

കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയുടെ ഭൂരിഭാഗവും ഇടത്തരം കർഷകരാണ്. പഞ്ചായത്തിൽ ആകെയുള്ള 3400 വീട്ടുകളിൽ 1600 വീട്ടുകളിലും കന്നുകാലി വളർത്തൽ ഉപതൊഴിലായി സ്വീകരിച്ച പോരുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങളായ പശു വളർത്തൽ ആട്ട വളർത്തൽ പന്നി വളർത്തൽ കോഴി വളർത്തൽ എന്നിവയ്ക്കുള്ള ഭൌതിക സാഹചര്യങ്ങൾ പഞ്ചായത്തിൽ അനുകൂലമാണ്. എന്നാൽ 2019-20-ൽ ആകെ അടങ്കലിന്റെ 4% മാത്രമാണ് മൃഗസംരക്ഷണ മേഖലയ്ക്ക് വകയിരുത്തിയിരിക്കുന്നത്. ആകെ 2791436 വകയിരുത്തിയതിൽ ആയതിന്റെ 31.36% മായ 875435 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എസ്.റ്റി. വിഭാഗക്കാർക്ക് കറവപ്പശു വിതരണത്തിനായി പദ്ധതി രൂപീകരിച്ചുവെങ്കിലും ആയത് നടപ്പിലാക്കിലാക്കിയിട്ടില്ല. കാർഷിക മേഖലയിൽ ഉണ്ടായ വിലത്തകർച്ചയും കാലാവസ്ഥാ വ്യതിയാനവും മൂലം പ്രതിസന്ധിയിലായ കർഷകർക്ക് കൈത്താങ്ങായി മൃഗസംരക്ഷണ മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-6 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 54960 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 858600 | 143 |
| വിധവാപെൻഷൻ | 2123400 | 204 |
| വാർദ്ധക്യകാലപെൻഷൻ | 6166800 | 1041 |
| വികലാംഗപെൻഷൻ | 768000 | 130 |
| അവിവാഹിതർക്കുള്ള പെൻഷൻ | 216600 | 25 |

**1-7 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2021 ന്

സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42,426/-രൂപ ക്യാഷ് ബാലൻസിന്റെ

കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ക്രമീകരണം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൃത്യമായി കൂടുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ സൂപ്പർവൈസിംഗ് ഓഫീസർ എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല.

1-8-1 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം പരിപാലിക്കേണ്ടതാണ്.

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

1-8-2 തനതുവരുമാനം

നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിക്ക് അത്യാവശ്യമാണ്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവു കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദേശങ്ങളൊന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നു വന്നിട്ടില്ല.

1-8-3 ഗ്രാമസഭ

പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി എന്നത് ജനപങ്കാളിത്തമാണ്. ആസൂത്രണത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ ജനങ്ങൾക്ക് എത്രമാത്രം അവസരമുണ്ടാവുന്നോ അത്രയും നല്ലത്. അതിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അർഹമായ പരിഗണന നൽകേണ്ടതാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റന്‍ഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവിലെ പുരോഗതി സംബന്ധിച്ചും ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ

ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ പ്രക്രിയയിൽ നവ മാദ്ധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

**1-9 ഡിപ്രിസിയേഷൻ**

2019-20 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹21,95,802/- രേഖപ്പെടുത്തിയിട്ടുള്ളത് അക്കൗണ്ട്സ് മാന്വൽ പ്രകാരമല്ല. ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

**1-10 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2020ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100121 | 135739 |
| 2 | 320200309 | 77344 |
| 3 | 320200322 | 1716596 |
| 4 | 320700204 | 205251 |
| 5 | 320300199 | 742662 |
| 6 | 320700205 | 150,000 |
| 8 | 320700304 | 788811 |
| 9 | 320800101 | 133529 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ (അ) 7/2017/ധന പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ

പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

**1-11 ബാലൻസ് ഷീറ്റ് ബി5 ഷെഡ്യൂൾ, ബി 16 ഷെഡ്യൂൾ എന്നിവ പൊരുത്തപ്പെടുന്നില്ല.**

ബാലൻസ് ഷീറ്റ് ബി5 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് 11146470 രൂപയായിരിക്കെ ബി 16 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് 11066060 ആണെന്നു കാണുന്നു. പ്രസ്തുത വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**1-12 വസ്തു നികുതി - വരവ് /നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

സഞ്ചയ രജിസ്റ്റർ പ്രകാരമുള്ള വസ്തുനികുതിയുടെ വരവ്/നീക്കിയിരുപ്പ് എന്നിവ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ലായെന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | സഞ്ചയപ്രകാരം തുക | വാർഷിക കണക്ക്പ്രകാരം തുക | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി റസിഡൻഷ്യൽ തൻവർഷം | 175230 | 195223 | 19993 |
| വസ്തു നികുതി റസിഡൻഷ്യൽ കുടിശ്ശിക | 2949 | 1539 | 1410 |
| വസ്തു നികുതി നോൺ-റസിഡൻഷ്യൽ തൻവർഷം | 86114 | 125931 | 39817 |

**1-13 തനത് ഫണ്ട് വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല**

| ഇനം | കുടിശ്ശിക | കുടിശ്ശികക്കാരൻ |
|---|---|---|
| തൊഴിൽ നികുതി(സ്ഥാപനം) | 2500 | സപ്ലൈകോ (ഒന്നാം അർദ്ധവർഷം)<br>മാനേജർ, ഹാരിസൺസ്(രണ്ടാം അർദ്ധവർഷം) |
| വാടക | 1720 | സപ്ലൈകോ മാവേലി സ്റ്റോർ |
| ലേലം | 1775 | തെങ്ങിൽ നിന്നുള്ള ആദായം<br>ബിജു കെ.ആർ, കടവും പുഴയിൽ |

കുടിശ്ശിക തുകകൾ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

**1-14 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

കോടിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വരവിനങ്ങളുടെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

1. വർഷാവസാനം ഉപയോഗ ശേഷം അവശേഷിക്കുന്ന മാന്വൽ രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല.(ഉദാ:രസീത് ബുക്ക് നം.45574,45575,45577,25382)

2. മാന്വൽ രസീതുകളിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.(ഉദാ:രസീത് ബുക്ക് നം.45575,45577,45578(M.O.PHC),45591,45592)

3. 07/03/2020-ൽ ഇഷ്യൂ ചെയ്ത രസീത് ബുക്ക് നം.45574 ഉപയോഗിച്ചിട്ടില്ലാത്തതിനാൽ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

4. രസീത് ബുക്ക് നം.25382 ന് ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല.

5. രസീത് ബുക്ക് നം.25385 ലെ രസീത് നം.11/08-09-2021/₹21/- , 12/08-09-2021/₹470/- എന്നിവ തനത് ഫണ്ടിലേയ്ക്ക് അടവാക്കിയിരുന്നില്ല. ഓഡിറ്റിൽ സൂചിപ്പിച്ചതിനേത്തുടർന്ന് 21-10-2021 ലാണ് ഇവ അടവാക്കിയത്.

അപാകതകൾ പരിഹരിച്ച്, ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഉത്തരവാദികളായ ജീവനക്കാർ ശ്രദ്ധിയ്ക്കേണ്ടതാണ്.

**1-15 വസ്തു നികുതി ഈടാക്കുന്നതിലെ ന്യൂനതകൾ**

2019-20 സാമ്പത്തിക വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.

1. 2019-20 വർഷം പഞ്ചായത്തിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

| വസ്തു നികുതി ഇനം | തുക ₹ |
|---|---|
| പാർപ്പിടം | 1,96,762 |
| പാർപ്പിടേതരം | 2,31,915 |

നികുതി കുടിശ്ശിക കാലഹരണപ്പെടാതെ ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

| കെട്ടിട നം. | ടവറിന്റെ പേര് | നികുതി കുടിശ്ശിക₹ |
|---|---|---|
| 4/128 | മാനേജർ, റിലയൻസ് മൊബൈൽസ് | 2520*2 =5040 |

3. വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിൽ വ്യാപാരത്തിനായി ലൈസൻസ് എടുത്ത് പ്രവർത്തിയ്ക്കുന്ന താഴെ സൂചിപ്പിക്കുന്ന കെട്ടിടത്തിന് സഞ്ചയ പ്രകാരം പാർപ്പിടം എന്ന ഗണത്തിലുൾപ്പെടുത്തി ₹6/- നിരക്കിലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ.

| കെട്ടിട | ഉടമസ്ഥൻ/ലൈസൻസി/ | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വാർഷിക വസ്തു |
|---|---|---|---|---|

| നം. | ഉപയോഗം | നിരക്ക് / ച.മീ.<br>വിസ്തീർണ്ണം/ആകെ നിരക്ക് | | നികുതിയിൽ വന്ന കുറവ് |
|---|---|---|---|---|
| I/90 | അശോകൻ വി.കെ. ,പറമ്പേൽ.<br><br>ജോസ് ടി ജോൺ<br>പ്രസിഡന്റ് RPS.No.126/88, പാറപ്പുഴ.<br>റബ്ബർ ഷീറ്റ്, ഒട്ടുപാൽ, ലാറ്റക്സ് ശേഖരണം,വില്പന | ₹40/-<br>62 ച.മീ.<br>62*40= 2480/-<br>ഇളവ് -ഇല്ല<br>വർദ്ധനവ്- 20%=496/-<br>ആകെ=2976/- | ₹6/-<br>62 ച.മീ.<br>62*6=372<br>ഇളവ് -ഇല്ല<br>വർദ്ധനവ്-<br>20%=74.4/-<br>ആകെ=446.4 | 2976-446=2530/- |

കുറവായി ഈടാക്കിയ വസ്തു നികുതി റീ അസസ്മെന്റ് നടത്തി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**<u>1-16 തെന്നത്തൂർ അംഗൻവാടി നിർമ്മാണം-പൂർത്തീകരണ പ്രവൃത്തികൾ അനന്തമായി നീളുന്നു</u>**

21.11.2018-ൽ 1(1) നമ്പർ തീരുമാന പ്രകാരം ഭരണാനുമതി ലഭിച്ച് 6.12.2018 ൽ നിർമ്മാണ കരാറിലേർപ്പെട്ട പ്രവൃത്തിയുടെ സ്ട്രക്ചറൽ ഘട്ടം വരെയുള്ള പ്രവൃത്തികൾക്കായി ₹4,81,108/- വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ ശ്രീ.എം.എം സുലൈമാൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത് 26.03.2020 ലാണ്. 2019-20 വർഷം അംഗൻവാടി കെട്ടിടത്തിന്റെ പൂർത്തീകരണ പ്രവൃത്തികൾക്കായി ₹4,88,000/-വകയിരുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ വൈദ്യുതീകരണം, പെയിന്റിംഗ്, ടൈലിംഗ് പ്രവൃത്തികൾ എന്നിവ നാളിതുവരെയും പൂർത്തിയാക്കി കെട്ടിടം ഉപയോഗ യോഗ്യമാക്കിയിട്ടില്ല. ബിൽ നം.191005520155007254 76/23.10.2019 പ്രകാരം ₹4,62,188/-യും ബിൽ നം. 201005520155009104 96/08.01.2021 പ്രകാരം ₹4,63,760/-യും ഉൾപ്പെടെ ആകെ ₹925948/- പദ്ധതിക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. മതിയായ തുക വകയിരുത്തി അംഗൻവാടി കെട്ടിട നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-17 പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിൽ</u>**

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കി പാർട്ട് ബിൽ തുക കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിലാണ്.

1.<u>ചെറുതോട്ടിൻകര അംഗൻവാടി നവീകരണം</u>

| | |
|---|---|
| പ്രോജക്റ്റ് നം. | 94/20 |
| അടങ്കൽ തുക | ₹150000/- വികസന ഫണ്ട് (ജനറൽ) |
| കരാറുകാരൻ | സിബി ജോസഫ് |
| അളവു ബുക്ക് | 29/18-19 |
| ബിൽ നം.&തുക | 1810055201550156 0141/28.3.19;₹51608/-(I Part Bill)<br>1910055201550035 0449/17.7.19;₹38291/- (II Part Bill) |

ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം, കേടുപാടു വന്ന വാതിലുകളും ജനലുകളും മാറ്റി പുതിയത് സ്ഥാപിക്കൽ എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം നാളിതുവരെയും നടപ്പാക്കിയിട്ടില്ല. പാർട്ട് ബില്ലിനത്തിൽ ₹89899/-കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിലാണ്.

2.വെള്ളംചിറ എസ്.സി കോളനി ടി.വി.ഹാൾ പൂർത്തീകരണം

| | |
|---|---|
| പ്രോജക്ട് നം | 91/20 |
| അടങ്കൽ തുക | ₹47688/-( വികസന ഫണ്ട്- എസ്.സി.പി) |
| കരാറുകാരൻ | അനിൽകുമാർ വി.എം |
| അളവു ബുക്ക് | 31/18-19 |
| ബിൽ നം.&തുക | 19100552015500039623/5.4.19;₹24365/- |

ഫ്ലോർ ടൈൽ, കെട്ടിടത്തിന്റെ മുറ്റത്ത് ടൈൽ പാകൽ എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. ഫ്ലോർ ടൈൽ പ്രവൃത്തി മാത്രം പൂർത്തീകരിച്ച് പാർട്ട് ബില്ലിനത്തിൽ ₹24365/- കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. പ്രവൃത്തികൾ പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.7/21.10.21)ചെറുതോട്ടിൻകര അംഗൻവാടിയ്ക്ക് ശിശു സൗഹൃദ ടോയ്‌ലറ്റ് പണികഴിപ്പിച്ചിട്ടുണ്ടെന്നും മറ്റ് പ്രവൃത്തികൾ ഒന്നും നടത്താനില്ലാത്തതിനാൽ പദ്ധതി അവസാനിപ്പിക്കുകയായിരുന്നു എന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയുടെ അളവുബുക്ക് പരിശോധിച്ചതിൽ ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. ഏതു പദ്ധതിയിലുൾപ്പെടുത്തിയാണ് ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിൽ കരാറുകാരുടെ ജാമ്യ നിക്ഷേപ തുക തനതുഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുമാണ്.

**1-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാ കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു.

2015-16 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | കാലയളവ് |
|---|---|
| Suppliers EMD | 20-8-2015 മുതൽ |
| Suppliers Security Deposit | 28-3-2017 മുതൽ |
| Bidders EMD | 18-10-2016 മുതൽ |
| Other Deposit | 4-4-2016 മുതൽ |
| Rent Deposit | 20-12-2016 മുതൽ |
| Bidders Security Deposit | 27-02-2017 മുതൽ |

| | |
|---|---|
| Auction Deposit | 12-8-2016 മുതൽ |

31.03.2020-ൽ ഈയിനത്തിൽ നീക്കിയിരുപ്പുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | നീക്കിയിരുപ്പ് ₹ |
|---|---|
| Contractor EMD | 96,266 |
| Suppliers EMD | 1,36,797 |
| Bidders EMD | 41,850 |
| Suppliers Security Deposit | 46,170 |
| Bidders Security Deposit | 3,900 |
| Contractors Retention | 27,555 |
| Other Deposits | 35,500 |
| Rent Deposit | 8,740 |
| Auction Deposit | 16,030 |
| Road Cutting Deposit | 2,000 |

പ്രസ്തുത തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകകൾ ക്രമീകരിക്കുന്നതനുസരിച്ച് രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

**1-19 ഡെപ്പോസിറ്റ് പ്രവൃത്തി-പണിപൂർത്തീകരിച്ചില്ല**

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 50/29.03.2018 | 200000 |
| 1324/27.03.2018 | 459300 |
| ആകെ | 659300 |

കോടിക്കുളം ഗ്രാമപഞ്ചായത്തിലെ 2017-2018 വർഷം 132-ാം പ്രോജക്ടായ തെരുവ് വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും രണ്ടാം ഘട്ടം എന്ന പ്രവൃത്തിക്കായി ആകെ ₹6,59,300/- മേൽ സൂചിത ബില്ലുകൾ പ്രകാരം അസി.എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, വണ്ണപ്പുറം പേരിൽ എസ്.ബി.ഐ മുള്ളരിങ്ങാട് ബ്രാഞ്ചിലെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്.

കരാർ പ്രകാരം മേൽ പദ്ധതി 2018 സെപ്റ്റംബർ 30-ാം തീയതി പൂർത്തിയാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/23.10.2021) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ കരാർ കാലാവധി അവസാനിച്ചിട്ടും പദ്ധതി നടപ്പാക്കാത്തതിന് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ഡെപ്പോസിറ്റ് തുകയ്ക്ക് നിയമാനുസൃത പലിശ ഈടാക്കേണ്ടതും പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-20 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട്

ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016 ലെ സർക്കാർ ഉത്തരവ് (സാധാ.) 409/16 പ്രകാരം അനുമതി നൽകിയിട്ടുള്ളത് 01.04.2019 മുതൽ 31.03.2020 വരെയുള്ള മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ തുക ₹4,74,097/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

**1-21 പൊതു ടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം ₹43,313/- ആണ് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 99 പൊതുടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നത്. 23.06.2006 ലെ സർക്കാർ ഉത്തരവ് (സാധാ)1501/2006/തസ്വഭവ, 28.09.2011ലെ സർക്കാർ ഉത്തരവ് (സാധാ) 2242/ തസ്വഭവ എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശം പാലിച്ച് പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും വെള്ളക്കരമിനത്തിൽ അധികമായി തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കേണ്ടതുമാണ്. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന ജലജീവൻ മിഷൻ എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ കുടുംബങ്ങൾക്കും വാട്ടർ കണക്ഷൻ നല്കി വരുന്ന സാഹചര്യത്തിൽ പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന്റെ സാധ്യതയും വിലയിരുത്തേണ്ടതാണ്.

**1-22 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2019-20ൽ എല്ലാ മാസവും ₹25614/- വീതവും തൻവർഷം High Mast Lightന്റെ ഉൾപ്പെടെ ആകെ രൂ.2,61,268/-ഈയിനത്തിൽ കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ, കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കുലർ നമ്പർ 60/2018/ധന.തിയതി 2-7-2018 പ്രകാരം വാറണ്ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ലൈറ്റുകളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണിക്കും വേണ്ടിവരുന്ന ചെലവ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം വഹിക്കേണ്ടതും ആയതിനായി അക്രഡിറ്റഡ് ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിച്ചിട്ടില്ല. കൂടാതെ, സർക്കാർ നിർദേശങ്ങൾ പ്രകാരം കെ.എസ്.ഇ.ബി.യുമായി ചേർന്ന് തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി വൈദ്യുതി ബോർഡ് വിവരം

ശേഖരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്.

**1-23 എച്ച്.എം.സി -വാർഷികകണക്കുകൾ സമർപ്പിക്കുന്നില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

**1-24 മോണിട്ടറിംഗ് സമിതി നിർജീവം**

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതതു മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ്

സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് |
|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-2020 | 296528 | സമഗ്ര നെൽകൃഷി വികസന പദ്ധതി |
| ബ്ലോക്ക്പഞ്ചായത്ത് | 2019- 2020 | 222040 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 900000 | ലൈഫ് ഭവന നിർമ്മാണം( ജനറൽ) |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 7569 | ലൈഫ് ഭവന നിർമ്മാണം (എസ്സ്.സി) |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 11691 | ലൈഫ് ഭവന നിർമ്മാണം( ജനറൽ) |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 131440 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 51385 | വാഴക്കാല അങ്കണവാടി കെട്ടിട നിർമ്മാണം |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 44260 | വണ്ടമറ്റം കാരുപ്പാറ നമ്പർ 120 അങ്കണവാടി |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 450000 | കൊട്ടുവേലി അങ്കണവാടിക്ക് സ്ഥലം വാങ്ങൽ |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 115544 | തെന്നത്തൂർ അങ്കണവാടി നിർമ്മാണം |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 500000 | വെള്ളംചിറ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 9340 | ലൈഫ് ഭവന നിർമ്മാണം( ജനറൽ) |

### 4-3 നിക്ഷേപ പ്രവൃത്തികൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ 4,40,000/- രൂപ വരവുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) നം.1577/15/തസ്വഭവ. തീ.27.05.2015 | - | 3920000 | 560000 | 190128 | 3360000 |
| ഭവന വായ്പ (ലൈഫ്) | ജി.ഒ.എം.എസ്. നം.110/2018 തീ.13.08.2018 | 440000 | 7920000 | 573530 | - | 7786470 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെവിവരം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 | 3-4 | 1999-2000 | 4-25 | ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക**

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2001-02 | 5 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പ് | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |
| 2 | 2001-02 | 6 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പ് | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് | : | 7691331 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 34214792 |
| ആകെ | : | 41906123 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 34582863 |
| നീക്കിയിരിപ്പ് | : | 7323260 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

**4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ.6-583/96<br>തീയതി 21-10-96 | | |
| 1981-82 | എൽ.എഫ്.ഐ.6-583/9<br>തീയതി 21-10-96 | | |
| 1982-83 | എൽ.എഫ്.ഐ.6-583/96<br>തീയതി 21-10-96 | | |
| 1983-84 | എൽ.എഫ്.ഐ.6-583/96<br>തീയതി 21-10-96 | | |
| 1984-85 | എൽ.എഫ്.ഐ.6-583/96<br>തീയതി 21-10-96 | | |
| 1987-88 | എൽ.എഫ്.ഐ.7-564/92<br>തീയതി 17-07-1992 | | |
| 1988-89& 1989-90 | എൽ.എഫ്.ഐ.7-880/93<br>തീയതി 17-06-1993 | | |
| 1990-91& 1991-92 | എൽ.എഫ്.ഐ.7-379/94<br>തീയതി 10-11-1994 | | |
| 1992-93 | എൽ.എഫ്.ഐ.7- 288/95<br>തീയതി 22-04-1996 | | |
| 1993-94 & 1994-95 | എൽ.എഫ്.ഐ.7- 426/97<br>തീയതി 09-02-1998 | | |
| 1995-96 | എൽ.എഫ്.ഐ.10/1238/17<br>തീയതി 01.11.2017 | 3 | 12, 4-4, 4-8 |
| 1996-97 | എൽ.എഫ്.ഐ.7-445/1999<br>തീയതി 26.09.1999 | 22 | 1,2,3,4,5,6,7,8,10,11,12,13,14,15,<br>17,18,19,20,21,22,23,4-8 |
| 1997-98 | എൽ.എഫ്.ഐ.7/253/2001<br>തീയതി 05.07.2001 | 0 | എൽ.എഫ്.ഐ.7/253/ 2001/ 05.07.01 പ്രകാരം റിപ്പോർട്ട്<br>ക്ലോസ് ചെയ്തു. |
| 1998-99 | കെ.എസ്.ഐ.ഡി.കെ.10/1238/17 തീയതി 02.11.17 | 0 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1238/17/02.11.17 പ്രകാരം റിപ്പോർട്ട് ക്ലോസ് ചെയ്തു. |
| 1999-2000 | എൽ.എഫ്.ഐ.7-267/03<br>തീയതി 27.03.03 | 24 | 1, 2, 3, 4, 5, 6,7, 8, 9, 10, 11,<br>12, 13, 14, 15,16, 17, 18, 19,<br>20, 21,23, 26, 27 |
| 2000-01 | എൽ.എഫ്.ഐ.-7-605/02<br>തീയതി 13.09.05 | 21 | 2, 17, 18, 19,22, 23, 24, 25,<br>26, 29, 30,31,32, 33, 34,<br>35, 36,37, 38,39, 41 |
| 2001-02 | എൽ.എഫ്.ഐ.-9-163/04<br>തീയതി 07.12.05 | 4 | ഭാഗം-1, 5, 6, 7, 8, 9 |
| 2002-03 | എൽ.എഫ്.ഐ.-7-289/05<br>തീയതി 04.05.06 | 3 | ഭാഗം- 1, 2-1, 3-2 |
| 2003-04 | എൽ.എഫ്.ഐ.-8-278/07<br>തീയതി 03.07.07 | 8 | ഭാഗം- 1, 2-1, 2-2,2-3,<br>3-1, 3-2, 3-3,3-4 |
| 2004-05 | എൽ.എഫ്.ഐ.-8-564/07<br>തീയതി 04.09.07 | 7 | ഭാഗം-1, 2-1, 2-2,<br>3-2, 3-3, 3-8, 3-9 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09<br>തീയതി 01.10.09 | | |
| 2006-07 | എൽ.എഫ്.ഐ.-9-659/08 | 3 | 2-1, 3-1, 4-6 |

| | | | |
|---|---|---|---|
| | തീയതി 24.10.08 | | |
| 2007-08 | എൽ.എഫ്.ഐ.-10-1118/10<br>തീയതി 20.07.11 | 8 | 2-1, 2-2, 3-1, 3-2,<br>3-3, 3-4, 3-5, 3-6 |
| 2008-09 | എൽ.എഫ്.ഐ.-10-522/12/<br>തീയതി 20.06.12 | 6 | ഭാഗം-1, 2-1, 2-3,<br>2-4, 3-1, 4-6 |
| 2009-10 | എൽ.എഫ്.ഐ.-10-944/13<br>തീയതി 09.05.14 | 10 | 2-1, 2-2, 3-1, 3-3,<br>3-4, 3-5, 4-4 |
| 2011-12 | കെ.എസ്.എ.ഐ.ഡി.കെ-<br>10/827/15/തീയതി 06.10.15 | 8 | ഭാഗം-1, 2-1, 2-2,3-1,<br>3-3, 3-4, 3-5,4-4 |
| 2012-13 &<br>13-14 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1376/15/തീയതി 31.12.15 | 10 | 1-5, 2-1, 2-2, 3-1,3-2, 3-3,<br>3-4, 3-5,3-6, 4-2 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1418/16 തീയതി 03.02.17 | 12 | 2-1, 2-2, 2-3, 2-4,<br>2-5, 2-6, 3-1, 3-3,<br>3-4, 4-7, 4-8, 4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1661/16/തീയതി 7.1.2017 | 17 | 1-10, 1-11, 1-12,2-2, 2-3, 2-4, 3-1,3-2, 3-3, 3-4, 3-5,<br>3-6, 3-7, 3-8, 4-7,<br>4-8, 4-9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1660/17/തീയതി 19.12.17 | 12 | 1-12, 2-1, 3-1,3-3, 3-4, 3-6,<br>3-7, 3-8, 3-9,4-7, 4-8, 4-9 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1165/18/തീയതി 10.10.18 | 11 | 2-1, 2-2, 2-3, 3-1,<br>3-2, 3-3, 3-4, 3-5,<br>3-6, 3-7, 3-8, |
| 2018-2019 | കെ.എസ്.എ.ഐ.ഡി.കെ.<br>10/867/19/തീയതി 07.11.2019 | 16 | 1-11 മുതൽ 1-25 വരെ 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്